# റിപ്പോർട്ട്

# ആഹാർ 2023

ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാർ ന്റെ 37 ആമത് എഡിഷനാണ് ന്യൂഡൽഹിയിലെ പ്രഗതിമൈതാനിയിൽ 2023 മാർച്ച് 14 മുതൽ 18 വരെ സംഘടിപ്പിച്ചത്. കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് കീഴിലെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച മേളയിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ നിന്നായി 1400 ലധികം വ്യാപാരികളാണ് പങ്കെടുത്തത്. അമേരിക്ക, ഓസ്‌ട്രേലിയ, ബ്രസീൽ, സ്വീഡൻ, സൗത്ത് കൊറിയ, റഷ്യ തുടങ്ങി 19 രാജ്യങ്ങളിൽ നിന്നുള്ള സംരംഭകരും മേളയിൽ പങ്കെടുത്തിരുന്നു.

ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച ആഹാർ 2023 ട്രെയിഡ് ഫെയറിൽ ഗവണ്മെന്റ് സെക്ടറിലെ ഏറ്റവും മികച്ച പവലിയനുള്ള ഗോൾഡ് മെഡൽ പുരസ്കാരം കേരള വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ സ്വന്തമാക്കി.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് (കെബിപ്പ്) പവലിയൻ ഏകോപിപ്പിച്ചത്. കേരളത്തിൽ നിന്നുമുള്ള 19 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് കേരളത്തെ പ്രതിനിധീകരിച്ചു മേളയിൽ പങ്കെടുത്തത്. 1 ലക്ഷം സ്ക്വയർ മീറ്റർ ചുറ്റളവിൽ സംഘടിപ്പിച്ച മേളയുടെ പ്രധാന ആകര്ഷകങ്ങളിൽ ഒന്ന് കേരള പവലിയൻ ആയിരുന്നു. ദിവസവും ഏകദേശം 50,000 ത്തിലധികം ബിസിനസ്സ് സന്ദർശകർ പങ്കെടുത്ത മേളയിൽ സംഘടനാ മികവ് കൊണ്ടും ഉൽപ്പന്ന വൈവിധ്യം കൊണ്ടും കേരള പവലിയൻ പ്രശംസ പിടിച്ചുപറ്റി.







മികച്ച ഭക്ഷ്യ സംസ്കരണ ഉൽപ്പന്ന പ്രദർശനത്തിന് വഴിയൊരുക്കുക, വിപണി പ്രവണതകൾ വിലയിരുത്തുക, ഹോസ്പിറ്റാലിറ്റി മേഖലയുടെ സാധ്യതകൾ അനാവരണം ചെയ്യുക, സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും സേവനങ്ങളും പരിചയപ്പെടുത്തുക എന്നിവയായിരുന്നു നാല് ദിവസമായി സംഘടിപ്പിച്ച B2B ഇവന്റായ ആഹാർ- ന്റെ പ്രധാന ലക്ഷ്യങ്ങൾ.